# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.971 05.03.2020 ൽ മറുപടിക്ക്**

## റോഡിലെ കുഴിയിൽ വീണ് യുവാവ് മരണമടഞ്ഞ സംഭവം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.റോജി എം. ജോൺ**<br>**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| ചോദ്യം | മറുപടി |
|---|---|
| (എ) പാലാരിവട്ടം മെട്രോ സ്റ്റേഷന് സമീപമുള്ള കുഴി മൂടാതെ അത് മറച്ചുവച്ചിരുന്ന ബോർഡിൽ തട്ടി റോഡിലേക്ക് വീണ യദുലാൽ എന്ന യുവാവ് ദാരുണമായി മരണമടഞ്ഞ സംഭവം പൊതുമരാമത്ത് വകുപ്പിന്റെ അനാസ്ഥമൂലം ഉണ്ടായതല്ലേയെന്ന് വ്യക്തമാക്കാമോ ; | (എ) ആലുവ എറണാകുളം റോഡിലെ പാലാരിവട്ടം ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടിയതുമൂലം ഉണ്ടായ കുഴിയിൽ വീണാണ് യദുലാൽ എന്ന യുവാവ് മരിക്കാനിടയായത്. ടി റോഡ് ബി.എം. &ബി.സി ചെയ്ത് ഉപരിതലം പുതുക്കിയിട്ടുള്ള റോഡാണ്. കുടിവെള്ള പൈപ്പ് ലൈനിൽ ഉണ്ടായ ചോർച്ച മൂലം റോഡിന് കേടുപാട് സംഭവിച്ച സ്ഥലത്ത് പൊതുജനങ്ങൾ വച്ച മുന്നറിയിപ്പ് ബോർഡിൽ തട്ടി വീണാണ് അപകടം ഉണ്ടായത്. പൊതുമരാമത്ത് വകുപ്പിൽ നിന്നും മുന്നറിയിപ്പ് ബോർഡ് വെക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ പല റോഡുകളിലും കുഴികൾ കൃത്യമായി മൂടാത്തതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ മൂലം കഴിഞ്ഞ വർഷം അനേകം പേരുടെ ജീവൻ നഷ്ടമായ സാഹചര്യത്തിൽ ഇക്കാര്യത്തിൽ കോടതി ഇടപെടുകയും, ബന്ധപ്പെട്ടവർ ജനങ്ങളോട് മാപ്പ് പറയുകയും ചെയ്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) അപകടത്തിൽ മരിച്ച യദുലാലിന്റെ മാതാ പിതാക്കളോട് കേരള ഹൈക്കോടതി ഖേദം പ്രകടിപ്പിക്കുകയുണ്ടായി. ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി നൽകുന്നകാര്യം പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | പൊതുമരാമത്ത് വകുപ്പിൽ അറ്റകുറ്റപ്പണിക്കായി ഒരു ചീഫ് എഞ്ചിനീയർ തസ്തിക തന്നെ സൃഷ്ടിച്ചിട്ടും പൈപ്പ് പൊട്ടി പൊതുനിരത്തിൽ രൂപപ്പെട്ട കുഴി സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്തി മൂടാതെ നിരുത്തരവാദപരമായി പെരുമാറിയ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കാമോ; | (സി) | 4 പേരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും അച്ചടക്കനടപടികൾ സ്വീകരിക്കുകയും ചെയ്തു. |
| (ഡി) | യദുലാലിന്റെ കുടുംബത്തിന് എന്തെങ്കിലും നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഈ നഷ്ടപരിഹാര തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്ന കാര്യം പരിഗണിക്കാമോ? | (ഡി) | നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിച്ചു വരുന്നു. നഷ്ടപരിഹാരത്തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നൽകാമോ എന്ന കാര്യവും പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**